# നാവിനെ അടക്കുക

1 പത്രൊസ് 3:10

“ജീവനെ ആഗ്രഹിക്കയും ശുഭകാലം കാണ്മാൻ ഇച്ഛിക്കുകയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കി കൊള്ളട്ടെ.”

നമ്മുടെ ശരീരത്തിലെ ഒരു ചെറിയ അവയവമാണ് നാവെങ്കിലും അതിനെ കടിഞ്ഞാണിട്ട് നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തി തരുന്ന ഒരു വാക്യമാണിത്. ശുഭകാലം ആഗ്രഹിക്കുകയും നിത്യജീവൻ പ്രാപിക്കാൻ ഇച്ഛിക്കയും ചെയ്യുന്ന ഒരുവൻ തീർച്ചയായും തന്റെ നാവിനെ നിയന്ത്രിച്ചേ മതിയാവൂ. കാരണം കൊടിയ പാപത്തിലേക്ക് നമ്മെ നയിപ്പാൻ തക്കവണ്ണം ഈ അവയവത്തിനു സാധിക്കും. ചിലപ്പോൾ ക്രോധത്തോടെ പറഞ്ഞ ഒരു വാക്ക് പിന്നീട് കൊലപാതകത്തിലേക്ക് പോലും ചെന്നെത്തിയെന്നു വരാം. പറഞ്ഞതൊന്നും നമുക്ക് തിരിച്ചെടുക്കാൻ സാധ്യമല്ല. അതുണ്ടാക്കിയ മുറിവ് മറ്റൊരു വാക്കു കൊണ്ട് മാറ്റാനും സാധ്യമല്ല. ഒരുവന് ആത്മീക വർദ്ധന വരുത്തുന്ന കാര്യങ്ങൾ മാത്രമേ ഒരു ദൈവപൈതൽ സംസാരിക്കാൻ പാടുള്ളൂ. അനാവശ്യമായ വാഗ്വാദങ്ങളിൽ നിന്നും, തർക്കങ്ങളിൽ നിന്നും, അഭിപ്രായ പ്രകടനങ്ങളിൽ നിന്നും അവൻ ഒഴിഞ്ഞു നിൽക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്. യേശു ആരെയും നോക്കി അഭിപ്രായം പറഞ്ഞില്ല, കുറ്റപ്പെടുത്തിയില്ല, തർക്കിച്ചു ജയിക്കാൻ ശ്രമിച്ചില്ല, സ്വയം ന്യായീകരിക്കാൻ ശ്രമിച്ചില്ല. നീതിമാനായിരുന്നിട്ടും, പാപമില്ലാത്തവനായിരുന്നിട്ടും അവൻ പ്രതികരിച്ചില്ല. അവന്റെ മക്കളായ നാമും അവനെ പോലെ അവന്റെ സ്വഭാവത്തിനൊത്തവണ്ണം പ്രതികരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

നാവിന്റെ ശാന്തത ജീവവൃക്ഷം എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു, അതനുസരിച്ച് ജീവിക്കാൻ നാം കടപ്പെട്ടവരാണ്. എന്നാൽ നാവ് തീയാണ്, അത് മരണകരമായ വിഷം നിറഞ്ഞത് എന്നും വചനം പറയുന്നു. ദൈവത്തെ സ്തുതിക്കുന്ന അതേ നാവു കൊണ്ട് മനുഷ്യനെ ശപിക്കുന്നു. ഇത് ഉയരത്തിൽ നിന്നുള്ള ജ്ഞാനം ലഭിച്ച ഒരു ദൈവപൈതലിന് സാധ്യമല്ല. അതുകൊണ്ട് നാവിനെ അടക്കി ഹൃദയത്തെ വിശുദ്ധീകരിച്ച് വാക്കുകളെ ക്രമീകരിച്ച് ദൈവത്തിനു പ്രസാദവും മനുഷ്യന് നന്മ ചെയ്യുന്നതുമായ ഒരു ജീവിതം നമുക്ക് പുതുവർഷത്തിൽ നയിക്കാൻ കൃപ നൽകാനായി ദൈവത്തോട് പ്രാർഥിക്കാം. പരിശുദ്ധാത്മാവിന്റെ സഹായം തേടാം.

പരാമർശം :

യക്കോബ് 1:26

നിങ്ങളിൽ ഒരുവൻ തന്റെ നാവിന്നു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചു കൊണ്ട് താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 031